**ഫാർമ പാർക്ക്-ന്റെ പ്രവർത്തനം**

190 (575) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ ഫാക്ടിൽനിന്നും ഏറ്റെടുത്ത ഭൂമിയിൽ കിൻഫ്ര ആരംഭിക്കുന്ന ഫാർമസ്യൂട്ടിക്കൽ പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

പെട്രോ ഫാർമാ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞു.

(ബി) ഫാർമ പാർക്കിനായി എത്ര ഏക്കർ ഭൂമിയാണ് അനുവദിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

80 ഏക്കർ ഭൂമിയാണ് ഫാർമാ ഹെൽത്ത് കെയർ മേഖലയ്ക്കായി വിനിയോഗിക്കുന്നത്.

(സി) നിലവിൽ എത്ര സംരംഭകർ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ?

നിലവിൽ 4 സംരംഭകരാണ് ഈ മേഖലയിൽ നിക്ഷേപത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

പദ്ധതി നടപ്പിലാക്കുമ്പോൾ ഫാർമാ മേഖലയിൽ 1250 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

**വയനാട് ജില്ലയിലെ വ്യവസായ പാർക്ക്**

191 (576) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഒരു വ്യവസായ പാർക്ക് തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ&ബി) പരിഗണനയിലുണ്ട്. വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ തുടർന്നുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly